©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
തിങ്കൾ
Thiruvananthapuram,
Monday

2025 ആഗസ്റ്റ് 25
25th August 2025
1201 ചിങ്ങം 9
9th Chingam 1201
1947 ഭാദ്രം 3
3rd Bhadra 1947

നമ്പർ
No.
3062

കേരള സർക്കാർ

ആരോഗ്യ കുടുംബക്ഷേമ (എൻ) വകുപ്പ്

വിജ്ഞാപനം

സ.ഉ(അച്ചടി) നം. 80/2025/ആകുവ

എസ്. ആർ. ഒ. നമ്പർ 957/2025

തിരുവനന്തപുരം , 8-8-2025

2012-ലെ കേരള സംസ്ഥാന സേവന അവകാശ ആക്ടിലെ (2012-ലെ 18) 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 2013 ഏപ്രിൽ 18 തീയതിയിലെ 1115-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നം.320/2013 ആയി പ്രസിദ്ധപ്പെടുത്തിയതും 2013 ഏപ്രിൽ 16-ാം തീയതിയിലെ സ.ഉ(അച്ചടി)138/2013/ആകുവ നമ്പരായി പുറപ്പെടുവിച്ചതുമായ വിജ്ഞാപനം താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുന്നു. അതായത്:-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഭേദഗതി

പ്രസ്തുത വിജ്ഞാപനത്തിലെ പട്ടികയിൽ ക്രമനമ്പർ 21 ന് എതിരെയുള്ള ഉള്ളടക്കങ്ങൾക്ക് പകരം താഴെപ്പറയുന്ന ഉൾക്കുറിപ്പുകൾ ചേർക്കേണ്ടതാണ്. അതായത്;

21. കേരള സംസ്ഥാന മെഡിക്കൽ കൗൺസിലുകൾ

ക്രമനം	സേവനം	കാലാവധി (ദിവസം)	നിയുക്ത ഉദ്യോഗസ്ഥൻ	ഒന്നാം അപ്പീൽ അധികാരി	രണ്ടാം അപ്പീൽ അധികാരി
	(1)	(2)	(3)	(4)	(5)
1	പ്രൊവിഷണൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്				
	i. സംസ്ഥാനത്തിനകത്ത് പഠിച്ചവർക്ക്	10	ബന്ധപ്പെട്ട ജൂനിയർ സൂപ്രണ്ട്	ഡെപ്യൂട്ടി രജിസ്ട്രാർ	രജിസ്ട്രാർ
	ii. വിദേശ രാജ്യങ്ങളിൽ പഠിച്ചവർക്ക്	സ്ക്രൂട്ടിണി അംഗീകാരത്തിന് ശേഷം 10	ബന്ധപ്പെട്ട ജൂനിയർ സൂപ്രണ്ട്	ഡെപ്യൂട്ടി രജിസ്ട്രാർ	രജിസ്ട്രാർ
2	പെർമനന്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (UG)		ബന്ധപ്പെട്ട ജൂനിയർ സൂപ്രണ്ട്	ഡെപ്യൂട്ടി രജിസ്ട്രാർ	രജിസ്ട്രാർ
	i. സംസ്ഥാനത്തിനകത്ത് പഠിച്ചവർക്ക്	45	ബന്ധപ്പെട്ട ജൂനിയർ സൂപ്രണ്ട്	ഡെപ്യൂട്ടി രജിസ്ട്രാർ	രജിസ്ട്രാർ
	ii. മറ്റു സംസ്ഥാനത്ത് പഠിച്ചവർക്ക്	സ്ക്രൂട്ടിണി അംഗീകാരത്തിന് ശേഷം 10	ബന്ധപ്പെട്ട ജൂനിയർ സൂപ്രണ്ട്	ഡെപ്യൂട്ടി രജിസ്ട്രാർ	രജിസ്ട്രാർ
	iii. വിദേശ രാജ്യങ്ങളിൽ പഠിച്ചവർക്ക്	സ്ക്രൂട്ടിണി അംഗീകാരത്തിന് ശേഷം 14	ബന്ധപ്പെട്ട ജൂനിയർ സൂപ്രണ്ട്	ഡെപ്യൂട്ടി രജിസ്ട്രാർ	രജിസ്ട്രാർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3	അഡീഷണൽ ക്വാളിഫിക്കേഷൻ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്	30	ബന്ധപ്പെട്ട ജൂനിയർ സൂപ്രണ്ട്	ഡെപ്യൂട്ടി രജിസ്ട്രാർ	രജിസ്ട്രാർ
4	ഗ്രഡ് സ്റ്റാൻറിംഗ് സർട്ടിഫിക്കറ്റ്	7	ബന്ധപ്പെട്ട ജൂനിയർ സൂപ്രണ്ട്	ഡെപ്യൂട്ടി രജിസ്ട്രാർ	രജിസ്ട്രാർ
5	നിരാക്ഷേപ പത്രം സർട്ടിഫിക്കറ്റ്	7	ബന്ധപ്പെട്ട ജൂനിയർ സൂപ്രണ്ട്	ഡെപ്യൂട്ടി രജിസ്ട്രാർ	രജിസ്ട്രാർ
6	സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ i. സർക്കാരിൽ നിന്ന്	7	ബന്ധപ്പെട്ട ജൂനിയർ സൂപ്രണ്ട്	ഡെപ്യൂട്ടി രജിസ്ട്രാർ	രജിസ്ട്രാർ
	ii. മറ്റ കൗൺസിലുകളിൽ നിന്ന്	7	ബന്ധപ്പെട്ട ജൂനിയർ സൂപ്രണ്ട്	ഡെപ്യൂട്ടി രജിസ്ട്രാർ	രജിസ്ട്രാർ
	iii. മറ്റ ഏജൻസികളിൽ നിന്ന്	30	ബന്ധപ്പെട്ട ജൂനിയർ സൂപ്രണ്ട്	ഡെപ്യൂട്ടി രജിസ്ട്രാർ	രജിസ്ട്രാർ

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

ഡോ.രാജൻ നാംദേവ് ഖൊബ്രഗഡെ IAS

അഡീഷണൽ ചീഫ് സെക്രട്ടറി

വിശദീകരണക്കുറിപ്പ്

ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2012-ലെ കേരള സംസ്ഥാന സേവനാവകാശ ആക്ടിലെ, 3-ാം വകുപ്പ് പ്രകാരം ഓരോ സർക്കാർ വകുപ്പും വകുപ്പുതലവൻമാരും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും നിയമാധിഷ്ഠിത നികായങ്ങളും, അത്തരം സ്ഥാപനങ്ങൾ പൊതുജനങ്ങൾക്ക് സമയബന്ധിതമായി പ്രദാനം ചെയ്യുന്ന സേവനങ്ങളെ സംബന്ധിച്ചും അത്തരം സേവനങ്ങൾ പ്രദാനം ചെയ്യാൻ നിയുക്തരായ ഉദ്യോഗസ്ഥരെ സംബന്ധിച്ചും ആവലാതിയുള്ള പക്ഷം സമീപിക്കേണ്ട ഒന്നാം അപ്പീൽ അധികാരിയെ സംബന്ധിച്ചും രണ്ടാം അപ്പിൽ അധികാരിയെ സംബന്ധിച്ചുമുള്ള പൂർണ്ണവിവരങ്ങൾ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്. ആയതു പ്രകാരം സംസ്ഥാന സർക്കാരിന്റെ ആരോഗ്യ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളെക്കുറിച്ചും ആ സേവനങ്ങൾ ലഭ്യമാക്കുന്ന ഉദ്യോഗസ്ഥരെക്കുറിച്ചുമുള്ള വിജ്ഞാപനം 2013 ഏപ്രിൽ 16-ാം തിയതിയിലെ സ.ഉ(അച്ചടി)138/2013/ആകുവ നമ്പരായിപുറപ്പെടുവിക്കുകയുണ്ടായി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള സംസ്ഥാന നിയമസഭ കേരള സംസ്ഥാന മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട്, 2021 (2021-ലെ 36) പാസാക്കിയതുമായി ബന്ധപ്പെട്ട് പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത വിജ്ഞാപനത്തിൽ തിരുവിതാംകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽ എന്നതിനു പകരം കേരള സംസ്ഥാന മെഡിക്കൽ കൗൺസിലുകൾ എന്ന് നാമകരണം ചെയ്യുന്നതിനും കേരള സംസ്ഥാന മെഡിക്കൽ കൗൺസിലുകളുമായി ബന്ധപ്പെട്ട ചില സേവനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് നിലവിലുള്ളവയിൽ ഭേദഗതി വരുത്തുന്നതിനും സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.08.25 06:29:49 +05:30